കണ്ണൂർ സർവ്വകലാശാല
(സിംഗിൾ വിൻഡോ അഡ്മിഷൻ സെൽ)

നം.അക്കാദ്/ SWC/4056/2019 തീയ്യതി: 27/06/2019

## പ്രസിദ്ധീകരണത്തിന്

## പി.ജി. – അൺ എയ്ഡഡ് കോളേജുകളിലേക്കുള്ള കോളേജ് തല സ്പോട്ട് അഡ്മിഷൻ ജൂൺ 28 ന്

പി.ജി. മൂന്നാം അലോട്ട്മെന്റിനു ശേഷം ഒഴിവു വരുന്ന സീറ്റുകളിലേക്ക് അൺ എയ്ഡഡ് കോളേജുകളിൽ ഇന്ന് (**ജൂൺ 28)** ന് കോളേജ് തല സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. ഒഴിവു വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്നവർ ഇന്ന് രാവിലെ 11.30 ന് മുമ്പായി കോളേജിൽ ഹാജരായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. 11.30 നു ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഒന്നിലധികം കോളേജുകളിൽ സ്പോട്ട് അഡ്മിഷന് ഹാജരാകുന്നുണ്ടെങ്കിൽ വിദ്യാർത്ഥികൾ നേരിട്ട് ഹാജരാകണമെന്നില്ല. പകരം പ്രതിനിധിയെ അയച്ചാൽ മതിയാവും. ഓൺലൈൻ രജിസ്റ്റർ ചെയ്തവരെ മാത്രമെ സ്പോട്ട് അഡ്മിഷനിൽ പരിഗണിക്കുകയുള്ളൂ. ഇതുവരെ അലോട്ട്മെന്റ് കിട്ടാത്ത വിദ്യാർത്ഥികൾക്കും, അലോട്ട്മെന്റിൽ നിന്ന് പുറത്തായ വിദ്യാർത്ഥികൾക്കും ഇതിനു മുൻപ് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കും ഓപ്ഷൻ കൊടുത്ത എല്ലാ അൺഎയ്ഡഡ് കോളേജുകളിലും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.

ജൂൺ 28,29 തീയതികളിലായി കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0497 - 2715261, 0497 - 2715284** എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്/-
ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാദ്)
രജിസ്ട്രാർക്കു വേണ്ടി